സന്ദർശിക്കുക
www.kssp.in
www.wiki.kssp.in
www.luca.co.in
http://parishadvartha.in
facebook.com/kisspexecutive

# പരിഷദ് വാർത്ത

ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്

വാല്യം 17
ലക്കം 05
ഒറ്റപ്രതി 2.50 രൂപ
വരിസംഖ്യ 50 രൂപ

2017 മാർച്ച് 01 - 15
കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം
parishadvartha@gmail.com

## ജ്യോതിശ്ശാസ്ത്ര മാമാങ്കം സമാപിച്ചു






കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ജ്യോതിശ്ശാസ്ത്ര മാമാങ്കം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

തിരുനാവായ : കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ജ്യോതിശാസ്ത്ര കൂട്ടായ്മയായ മാർസിന്റെ ആഭിമുഖ്യത്തിൽ തിരുനാവായ നാവാമുകുന്ദാ ഹയർസെക്കന്ററി സ്കൂളിൽ വച്ച് ഫെബ്രുവരി 24,25,26 തിയതികളിലായി നടന്ന ജ്യോതിശ്ശാസ്ത്ര മാമാങ്കത്തിന് തിരശീല വീണു. ബഹു. നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭാരതീയ ഗണിത ശാസ്ത്രത്തിനും ജ്യോതിശാസ്ത്രത്തിനും വഴികാട്ടികളായ നിരവധി ശാസ്ത്രജ്ഞർക്ക് ജൻമം നൽകിയത് തിരുനാവായക്ക് സമീപമുള്ള പ്രദേശങ്ങളാണ്. നിളാതീരത്ത് ജീവിച്ച ഈ ശാസ്ത്രജ്ഞർക്ക് വേണ്ടത്ര സ്ഥാനം നൽകാൻ നമ്മുടെ ചരിത്രകാരൻമാർ ശ്രദ്ധിച്ചിട്ടില്ല. ആസ്ഥിവികസന ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയോരത്ത് ഗണിത-ജ്യോതിശാസ്ത്ര കേന്ദ്രം ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്നും പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു. സമാപന സമ്മേളനത്തിൽ പരിഷത്ത് ജില്ലാ പ്രസിഡന്റ് ഇ. വിലാസിനി ആധ്യക്ഷത വഹിച്ചു. മാർസ് ചെയർമാൻ ആനന്ദമൂർത്തി സ്വാഗതവും പരിഷത്ത് ജില്ലാ സെക്രട്ടറി ജിജി വർഗ്ഗീസ് നന്ദിയും പറഞ്ഞു. പ്രിൻസിപ്പാൾ വിജി വിശ്വൻ, പി. മുഹമ്മദ്, കെ. ഇബ്രാഹിം എന്നിവർ ആശംസകൾ അർപ്പിച്ചു.

ഗുരുത്വതരംഗങ്ങൾ കണ്ടെത്തിയ ശാസ്ത്രജ്ഞരുടെ സംഘത്തിലെ ഇന്ത്യയിൽ നിന്നുള്ള അംഗമായ ജ്യോതിശാസ്ത്രജ്ഞൻ അജിത് പരമേശ്വരൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗണിതവിഭാഗം തലവൻ പ്രൊഫ. പി.ടി രാമചന്ദ്രൻ എന്നിവർ സമാപന ദിവസത്തെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## 54-ാം സംസ്ഥാന സമ്മേളനം

### കേരളത്തിൽ നെൽകൃഷി സാധ്യമാണ്:സി.കെ.പി.പത്മനാഭൻ



പേരാവൂർ മേഖലയുടെ നേതൃത്വത്തിൽ നെൽകൃഷി സാധ്യമാണോ എന്ന വിഷയത്തിൽ നടത്തിയ സെമിനാർ മുൻ എംഎൽഎ സി.കെ.പി.പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു.

ഇരിട്ടി: കേരളത്തിൽ നെൽകൃഷി നിലനിർത്തേണ്ടത് കർഷകന്റെ മാത്രമല്ല, സമൂഹത്തിന്റേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും ഉത്തരവാദിത്തമാണെന്ന് മുൻ എംഎൽഎ സി.കെ. പി.പത്മനാഭൻ പറഞ്ഞു. ശാസ്ത്രസാഹിത്യപരിഷത്ത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി മുഴക്കുന്ന് നല്ലൂരിൽ പേരാവൂർ മേഖലയുടെ നേതൃത്വത്തിൽ 'നെൽകൃഷി സാധ്യമാണോ' എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പതിമൂന്നാം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണം ചെയ്യുന്ന വേളയിൽ ഇതിന് പ്രത്യേക പരിഗണന ഉണ്ടാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംസ്ഥാന സമ്മേളനത്തിന് ഭക്ഷണത്തിനാവശ്യമായ മുഴുവൻ അരിയും പരിഷത്ത് മുഴക്കുന്ന് യൂണിറ്റ് പ്രവർത്തകർ നല്ലൂർ വയലിൽ കൃഷി ചെയ്ത് ഉണ്ടാക്കുകയാണ്. ഇതിന്റെ ഭാഗമായാണ് സെമിനാർ നടന്നത്. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പൊതുസമൂഹവും ഭരണകൂടവും ഒന്നിച്ചു നിന്നാൽ നെൽകൃഷി സാധ്യമാണെന്നും കർഷകരുടെ കൂട്ടായ്മയിലൂടെ വളർന്നുവന്ന സഹകരണ സ്ഥാപനങ്ങൾ കർഷകർക്ക് മുൻഗണന കൊടുക്കണമെന്നും സെമിനാറിൽ അഭിപ്രായമുണ്ടായി.

മുഴക്കുന്നിലെ നെൽകൃഷി അനുഭവങ്ങൾ സുഷമ വിശ്വനാഥൻ അവതരിപ്പിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ സംസ്ഥാന പ്രസിഡണ്ട് ആർ.രാധാകൃഷ്ണൻ മോഡറേറ്ററായിരുന്നു. മുഴക്കുന്ന് പഞ്ചായത്ത് പ്രസിഡണ്ട് ബാബു ജോസഫ്, വി.ഷാജി, എം.കണ്ണൻ, വി.രാജു, ടി.സുരേന്ദ്രൻ, പരിഷത്ത് ജില്ലാ പ്രസിഡന്റ് കെ.വിനോദ്കുമാർ, സി.എ .അബ്ദുൾ ഗഫൂർ, ഒ.പ്രതീശൻ, എൻ.കെ.രാഘവൻ എന്നിവർ പ്രസംഗിച്ചു.

ഗ്രാമപത്രം

- അതിരപ്പിള്ളി പദ്ധതി പരിസ്ഥിതിവിരുദ്ധം
- അതിരപ്പിള്ളി പദ്ധതിയിൽ നിന്ന് സർക്കാർ പിന്മാറണം

# എറണാകുളം ജില്ലാ കലാജാഥ

കൊച്ചി - എറണാകുളം ജില്ലയിൽ 40 കേന്ദ്രങ്ങളിലും ഇടുക്കിയിൽ 12 കേന്ദ്രങ്ങളിലുമാണ് ജാഥ പര്യടനം നടത്തിയത്. സഹോദരൻ അയ്യപ്പൻ രചിച്ച 'സയൻസ് ദശകത്തിന്റെ ദൃശ്യാവിഷ്കാരം, മിശ്രഭോജനത്തെക്കുറിച്ചും അതിന്റെ ഇന്നത്തെ ആവശ്യകതയെക്കുറിച്ചും ഉള്ള ചിത്രീകരണം, അവയവദാനത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്ന ലഘുനാടകം എന്നിവയ്ക്കൊപ്പം കവി സച്ചിദാനന്ദന്റെ 'പറയുന്നു കബീർ' എന്ന കവിതയെ ആസ്പദമാക്കിയ സംഗീതശിൽപ്പം എന്നിവയായിരുന്നു പ്രധാന പരിപാടികൾ. യുദ്ധവും ആയുധക്കച്ചവടവും വേണ്ടെന്ന സന്ദേശം നൽകുന്ന 'അതിർത്തിക്കപ്പുറം', എം.എം. സചീന്ദ്രൻ രചന നിർവഹിച്ച 'അമ്മ തലസ്ഥാനമായ ഇന്ത്യ' എന്ന സംഗീതശിൽപ്പം, നോട്ട് വിഷയം അവതരിപ്പിക്കുന്ന 'കോതാമൂരിപ്പാട്ട്, 'തുറക്കാത്ത മേശ' ജനവരി മൂന്നിന് കെടാമംഗലത്തുനിന്ന് ആരംഭിച്ച ജാഥ ശനിയാഴ്ച ഇരുമ്പനത്ത് സമാപിച്ചു. ഇരുമ്പനത്ത് നടക്കുന്ന സമാപനസമ്മേളനം എം സ്വരാജ് എംഎൽഎ ഉദ്ഘാടനംചെയ്തു. സമ്മേളനത്തിനു മുന്നോടിയായി 'ഇന്ത്യൻ ദേശീയത' എന്ന വിഷയത്തിൽ പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന കമ്മറ്റി അംഗം മുഹമ്മദ് പേരാമ്പ്രയും "നവോത്ഥാനം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ' എന്ന വിഷയത്തിൽ ഡോ.കെ.ജി.പൗലോസും പ്രഭാഷണം നടത്തി.

# ആദരാഞ്ജലികൾ

## എസ്. ബാലകൃഷ്ണമേനോൻ



വൈദ്യുതി ബോർഡിൽനിന്ന് വിരമിച്ച ചീഫ് എഞ്ചിനീയറും പരിഷത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റുമായിരുന്ന എസ്. ബാലകൃഷ്ണമേനോൻ അന്തരിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആദരാഞ്ജലികൾ

## ധർമപാലൻ മാസ്റ്റർ

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് മേഖലാ മുൻ പ്രസിഡണ്ടും വിദ്യാഭ്യാസ. രാഷ്ട്രീയ, സാംസ്കാരികപ്രവർത്തകനും ആയിരുന്ന ധർമപാലൻ മാസ്റ്റർ 2017 ഫെബ്രുവരി 28ന് പരിഷത്ത് മേഖലാകമ്മിറ്റിക്ക് പങ്കെടുക്കാൻ വരുന്ന വഴിയിൽ വച്ച് ഹൃദയസ്തംഭനം മൂലം അന്തരിച്ചു. രേണുകയാണ് ഭാര്യ. രമ്യയും രശ്മിയും മക്കളാണ്. പരിഷത്തിന്റെ ആദരാഞ്ജലികൾ.

# പഴശ്ശി ജലപദ്ധതി കൃഷിക്ക് വേണ്ടിയും ഉപയോഗിക്കണം




മട്ടന്നൂർ : ജലസേചന പദ്ധതിയായി ആരംഭിച്ച പഴശ്ശി പദ്ധതിയെ കുടിവെള്ള പദ്ധതികൾക്കു വേണ്ടി മാത്രമായി ചുരുക്കാതെ കൃഷിക്ക് വെള്ളം നൽകുന്ന രീതിയിൽ നവീകരിക്കണമെന്ന് ആവശ്യമുയർന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിച്ച സംസ്ഥാന ശിൽപശാലയിൽ വിശദമായ ചർച്ച നടത്തുകയും പദ്ധതി നവീകരണം സംബന്ധിച്ച് രൂപരേഖയുണ്ടാക്കുകയും ചെയ്തു. ശുദ്ധജലവിതരണത്തിനും ജലവൈദ്യുത പദ്ധതിക്കും വെള്ളം എടുക്കുന്നതോടൊപ്പം ജലസേചനത്തിനുള്ള സാധ്യത മങ്ങിയിട്ടില്ലെന്നും ശിൽപശാലയിൽ പങ്കെടുത്ത സാങ്കേതിക വിദഗ്ധർ അഭിപ്രായപ്പെട്ടു. 16,500 ഹെക്ടർ പ്രദേശത്ത് കൃഷിക്ക് വെള്ളം നൽകാൻ ആവിഷ്കരിച്ച പദ്ധതിയുടെ ലക്ഷ്യം പൂർണമാക്കണമെന്നു നിർദേശം ഉയർന്നു. ആറായിരം കോടിയുടെ ആസ്തിയുള്ള പഴശ്ശി പദ്ധതി എങ്ങനെ നവീകരിക്കാമെന്നതുസംബന്ധിച്ച് പഠനം നടത്തണമെന്നും ജനങ്ങളെ ബോധ്യപ്പെടുത്തി സർക്കാരിൽ സമ്മർദം ചെലുത്തണമെന്നും പരിഷത്ത് തീരുമാനിച്ചു. തകർന്ന കനാലുകൾ നന്നാക്കുക, കനാലുകളെക്കുറിച്ചു വിശദമായ സർവേ നടത്തുക, ജലസേചനം കൊണ്ടു പ്രയോജനം ലഭിക്കുന്ന സ്ഥലങ്ങളെക്കുറിച്ചു പഞ്ചായത്തുകളിൽ ശിൽപശാല നടത്തുക, പഠനറിപ്പോർട്ട് എം.പി മാർക്കും എം.എൽ.എ മാർക്കും നൽകുക, ജില്ലാതല മോണിറ്ററിങ് കമ്മിറ്റി രൂപവൽക്കരിക്കുക തുടങ്ങിയ നിർദേശങ്ങൾ ശിൽപശാലയിൽ രൂപപ്പെട്ടുവന്നു. പരിഷത്ത് സംസ്ഥാന സമ്മേളനത്തിന്റെ അനുബന്ധമായി നടത്തുന്ന പരിപാടികളുടെ ഭാഗമായാണ് സംസ്ഥാന ശിൽപശാല നടത്തിയത്. സണ്ണി ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഇരിട്ടി നഗരസഭാ ചെയർമാൻ പി.പി അശോകൻ അധ്യക്ഷത വഹിച്ചു. പരിഷത്ത് ജില്ലാ പ്രസിഡന്റ് കെ.വിനോദ്കുമാർ, നഗരസഭാ കൗൺസിലർ എ. താഹിർ, സി.എം. രതീഷ്, പി. ദിവാകരൻ എന്നിവർ പ്രസംഗിച്ചു.

കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം. സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് സി.എം. സുശാന്ത് ജലവിനിയോഗത്തെക്കുറിച്ചു വിഷയം അവതരിപ്പിച്ചു. പരിഷത്ത് ജില്ലാകമ്മിറ്റി അംഗം എം. വിജയകുമാർ പഴശ്ശി പദ്ധതി അവലോകനറിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. ടി.പി.ശ്രീധരൻ, ടി.ഗംഗാധരൻ, പഴശ്ശി പദ്ധതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ വി. ഷാജി, യു.ജനാർദനൻ, പി.പി ബാബു, വി.പത്മനാഭൻ, എം.രവീന്ദ്രൻ, ടി.വി.നാരായണൻ, വി.ഒ പ്രഭാകരൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ടി.പി.ശ്രീധരൻ ചെയർമാനും എം.വിജയകുമാർ കൺവീനറുമായി 30 അംഗ കോർകമ്മിറ്റി രൂപവൽക്കരിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരും പാടശേഖരസമിതി ഭാരവാഹികളും സാങ്കേതിക വിദഗ്ധരും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരും ശിൽപശാലയിൽ പങ്കെടുത്തു.

# നെൽകൃഷി വിളവെടുത്തു



തിരുത്തിക്കര: ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച നെൽക്കൃഷിയുടെ വിളവെടുപ്പ് നടന്നു. ശാസ്ത്രഗതി മാനേജിങ് എഡിറ്റർ പി.എ തങ്കച്ചൻ, യൂണിറ്റ് സെക്രട്ടറി സ്നേഹ എ.എസ്, മുരുകേശൻ M.K, മഞ്ജു അനിൽകുമാർ, ദീപ്തി ബാലചന്ദ്രൻ, യുവസമിതിയംഗങ്ങളായ ചിന്നു വി.ആർ, ജിബിൻ.ടി എന്നിവർ വിളവെടുപ്പിന് നേതൃത്വം നൽകി. തുരുത്തിക്കര പാടത്ത് ഷീല സോമന്റെ ഉടമസ്ഥതയിൽ ഉള്ള 40 സെന്റ് സ്ഥലത്താണ് കൃഷി ചെയ്തത്

# ദേശീയ ശാസ്ത്രദിനം ആചരിച്ചു



കോഴിക്കോട് : ഹാരപ്പ-മോഹൻജൊദാരോ സംസ്കാരം തൊട്ടുതന്നെ ഇന്ത്യയിൽ ശാസ്ത്രം വളർന്നിരുന്നുവെന്നും എന്നാൽ പിന്നീട് ജാതിശ്രേണി വ്യവസ്ഥയുടെ ഫലമായി വളർച്ച മുരടിച്ചെന്നും ഡോ. കെ.പി അരവിന്ദൻ പറഞ്ഞു. ദേശീയ ശാസ്ത്രദിനത്തിന്റെ ഭാഗമായി കാലിക്കറ്റ് യൂനിവേഴ്സിറ്റി ടീച്ചർ എജുക്കേഷൻ സെന്ററിൽ (ബീച്ച് റോഡ്) 'ശാസ്ത്രം ഇന്ത്യയിൽ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരള ശാസ്ത്രസാഹിത്യ പരിഷത്തും ടീച്ചർ എജുക്കേഷൻ സെന്ററും സംയുക്തമായാണ് ശാസ്ത്രദിനം ആചരിച്ചത്. യോഗത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി.പി സ്മിത അധ്യക്ഷത വഹിച്ചു. പരിഷത്ത് ജില്ലാ പ്രസിഡണ്ട് കെ. രാധൻ, പ്രൊഫ. ബിന്ദു കെ വർഗീസ്, കോളേജ് യൂണിയൻ ചെയർമാൻ ടി. സുകേഷ് എന്നിവർ സംസാരിച്ചു. പരിഷത്ത് ജില്ലാ സെക്രട്ടറി എ.പി പ്രേമാനന്ദ് സ്വാഗതവും സയൻസ് ക്ലബ് ജില്ലാ പ്രസിഡണ്ട് എൻ.പി തൗഫീറ നന്ദിയും പറഞ്ഞു.





മലപ്പുറം വെട്ടത്തൂർ നടന്ന കലാജാഥാ സ്വീകരണത്തിൽ നിന്ന്

## ജനറൽ സെക്രട്ടറിയുടെ കത്ത്

### യൂണിറ്റ്-മേഖലാസമ്മേളനങ്ങൾ ആവേശകരമായി മുന്നേറുന്നു

സുഹൃത്തുക്കളെ

യൂണിറ്റ്-മേഖലാ സമ്മേളനങ്ങൾ നടന്നുവരികയാണല്ലോ? കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് യൂണിറ്റ് സമ്മേളനങ്ങളിൽ മെച്ചപ്പെട്ട പങ്കാളിത്തം ദൃശ്യമാണ് എന്നാണ് ജില്ലകളിൽനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കലാജാഥയുടെ സംഘാടനവും അനുബന്ധപരിപാടികളുമാണ് ഇതിന് കാരണമായത്. സംഘടനയുടെ അടിസ്ഥാനഘടകമായ യൂണിറ്റുകളെ ചലിപ്പിക്കുന്നതിന് നേതൃത്വം നല്കേണ്ടത് മേഖലയാണ്. നമ്മുടെ സംഘടനയെ സംബന്ധിച്ചിടത്തോളം ഏറ്റവും ശക്തവും ചലനാത്മകവുമാകേണ്ട സംഘടനാതലം മേഖലയാണ്. സ്ഥിരമായി കൂടിച്ചേരുന്ന കൂട്ടായ്മകളുള്ള മേഖലകളിൽ യൂണിറ്റുകളും സജീവമാണ്. അവിടങ്ങളിലെ യൂണിറ്റ് സമ്മേളനങ്ങളും നല്ല പങ്കാളിത്തത്തോടെയാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ മേഖലാതല സംഘടനയെ ശക്തിപ്പെടുത്തുകയെന്നത് ഏറ്റവും പ്രാധാന്യത്തോടെ നടക്കേണ്ട പ്രവർത്തനവുമാണ്.

യൂണിറ്റ് സമ്മേളനം അംഗങ്ങൾക്ക് മാത്രം പ്രവേശനമുള്ളവയായി ചുരുക്കേണ്ടതില്ല. അംഗങ്ങളും, അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവരും, ഏതെങ്കിലും പ്രവർത്തനങ്ങളിൽ പങ്കെടുത്ത സുഹൃത്തുക്കളും യൂണിറ്റ് സമ്മേളനത്തിൽ വരണം. നിലവിലുള്ളവരും സ്ഥാനമൊഴിഞ്ഞവരുമായ ജനപ്രതിനിധികളെ സമ്മേളനത്തിലേക്ക് പ്രത്യേകം ക്ഷണിക്കണം. സ്ത്രീകളും യുവാക്കളും വിവിധമേഖലയിൽ വിദഗ്ധരായവരുമൊക്കെ നമ്മുടെ സമ്മേളനത്തിന്റെ ഭാഗമാകണം. അവർക്കൊക്കെ പങ്കെടുക്കാവുന്ന പരിപാടികളും രൂപപ്പെടുത്തണം. ബാലോത്സവങ്ങൾ, സ്ത്രീകളുടെ കൂട്ടായ്മകൾ, അഭിരുചിക്കൂട്ടങ്ങൾ, കുടുംബശ്രീ -അയൽക്കൂട്ട സംഗമങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ. യൂണിറ്റുകളിൽ ഇതെല്ലാം നടക്കണമെങ്കിൽ മേഖലയിൽ ആലോചനയും ആസൂത്രണവും നടക്കണം.

പ്രവർത്തകരുടെ ആശയതലം വികസിപ്പിക്കുന്നതിനും പ്രദേശത്തെ ജനങ്ങളുമായി സംവദിക്കുന്നതിനും വിവിധരംഗങ്ങളിലെ സംഘടനാനിലപാടുകൾ പൊതുസമൂഹത്തിലേക്കെത്തിക്കുന്നതിനുമുള്ള അനുബന്ധ പരിപാടികൾ സമ്മേളനങ്ങളുടെ ഭാഗമാകേണ്ടതുണ്ട്. എല്ലായൂണിറ്റുകളിലും അത്തരത്തിലുള്ള ഒരു പരിപാടിയെങ്കിലും നടക്കണം. ജലസുരക്ഷാ ക്ലാസ്സുകൾ, സയൻസ് ഡയലോഗുകൾ, സ്ത്രീസൗഹൃദ പഞ്ചായത്തുകൾ, തുല്യതാസംഗമങ്ങൾ, യൂണിറ്റ് സയൻസ് സ്കൂളുകൾ, വിദ്യാഭ്യാസസംവാദങ്ങൾ, പഞ്ചായത്തുതലആസൂത്രണം സംബന്ധിച്ച ചർച്ചകൾ, മാലിന്യസംസ്കരണം, പശ്ചിമഘട്ടസംരക്ഷണം തുടങ്ങിയവ യെല്ലാം സജീവചർച്ചാവിഷയമാകണം.

യൂണിറ്റ് സമ്മേളനത്തിൽ അംഗത്വപ്രവർത്തനം ആരംഭിക്കണം. പുതുക്കൽ ഫോറം membership.kssp.in എന്ന സൈറ്റിൽ ലഭ്യമാണ്. അംഗങ്ങളിൽ 25ശതമാനം സ്ത്രീകളായിരിക്കണമെന്ന് അറിയാമല്ലോ? അതുപോലെ യൂണിറ്റ് നിർവാഹകസമിതിയിലും, മേഖലാ-ജില്ലാ -സംസ്ഥാന കൗൺസിലുകളിലും നിർവാഹകസമിതികളിലും ഈ വർഷം മുതൽ 25ശതമാനം സ്ത്രീപ്രാതിനിധ്യം ഭരണഘടനാപരമാക്കിയിട്ടുണ്ട്. ഇക്കാര്യവും പ്രത്യേകം ശ്രദ്ധിക്കണേ.

സമ്മേളനം കഴിഞ്ഞാൽ റിപ്പോർട്ടും തെരഞ്ഞെടുപ്പ് ഫോറവും അയച്ചുതരുവാനും ഭാരവാഹികളുടെ പേരുവിവരം membership.kssp.in എന്ന സൈറ്റിൽ രേഖപ്പെടുത്താനും മറക്കരുതെന്ന് അഭ്യർഥിക്കുന്നു.

ആവേശകരമായ പുതിയൊരു പ്രവർത്തനവർഷം ആശംസിച്ചുകൊണ്ട്,

അഭിവാദനങ്ങളോടെ
പി. മുരളീധരൻ
ജനറൽ സെക്രട്ടറി

പത്രക്കുറിപ്പ്

## അതിരപ്പിള്ളി പദ്ധതിയിൽ നിന്ന് സർക്കാർ പിന്മാറണം

അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി നടപ്പിലാക്കാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആവശ്യപ്പെടുന്നു. അധികാരികൾ പ്രചരിപ്പിക്കുന്നതുപോലെ വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ഇല്ലാതാകുന്നതു മാത്രമല്ല പദ്ധതികൊണ്ടുള്ള ദോഷം. ജൈവവൈവിധ്യസമ്പന്നമായ 22 ഹെക്ടർ പുഴയോരക്കാടുകളടക്കം 138 ഹെക്ടർ വനം ഇല്ലാതാകും. കാലാവസ്ഥാവ്യതിയാനത്തിന് വനമാണ് മറുപടി എന്ന് പറയുന്ന കാലഘട്ടത്തിലാണ് ഇത് സംഭവിക്കുന്നത്. പുഴയോരക്കാടുകളിൽ മാത്രം കാണുന്ന അപൂർവവും വംശനാശഭീഷണി നേരിടുന്ന അനേകം ജന്തു-സസ്യ വൈവിധ്യസമ്പത്താണ് നമുക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടുക. ഇക്കാര്യങ്ങളൊന്നും പരിശോധിക്കാതെയാണ് പദ്ധതിക്കായുള്ള പരിസരാഘാത പത്രിക തയ്യാറാക്കിയിട്ടുള്ളത്. ഈ പഠനം പോരായ്മകൾ നിറഞ്ഞതും അശാസ്ത്രീയവുമാണെന്ന് പലതവണ പരിഷത്ത് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. കൂടാതെ നീരൊഴുക്കിൽ വരുന്ന വ്യത്യാസങ്ങൾ മൂലം ഡാമിന് താഴെ വരുന്ന ആഘാതങ്ങൾ സംബന്ധിച്ച് വിശദമായ ഒരു പഠനവും നടന്നിട്ടില്ല. മാത്രവുമല്ല ഇപ്പോൾത്തന്നെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പുഴയിൽ നീരൊഴുക്ക് പകുതിയാകുമ്പോൾ ഓരുകയറ്റ ഭീഷണിയും കുടിവെള്ളക്ഷാമവും രൂക്ഷമാകും. ഈ സാഹചര്യത്തിൽ പാരിസ്ഥിതികാഘാതങ്ങൾ കഴിയുന്നത്ര ഒഴിവാക്കിയുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത്. 'റൺ ഓഫ് ദ റിവർ' മാതൃക ഉൾപ്പെടെയുള്ള ബദൽസാധ്യതകളും അന്വേഷിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പരിസരാഘാതപഠനവും പദ്ധതിരേഖയും അതിന് അപര്യാപ്തമാണ്. സൗര വൈദ്യുതി അടക്കമുള്ള പാരമ്പര്യേതര ഊർജോൽപാദനത്തിന്റെ മേഖലയിൽ വലിയ സാങ്കേതികവിദ്യാ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഈ വഴികളും ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സാധ്യതകൾ ഒന്നും ആലോചിക്കാതെ പശ്ചിമഘട്ടമേഖലയിൽ ഇനിയും അണക്കെട്ടുകൾ നിർമിക്കുന്നത് കേരളത്തിന്റെ തന്നെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കും. ഈ സാഹചര്യത്തിൽ അതിരപ്പിള്ളി പദ്ധതിക്കു വേണ്ടി ഇപ്പോൾ കെ.എസ്.ഇ.ബി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശം പുനഃപരിശോധിക്കണമെന്നും നിലവിലുള്ള പദ്ധതി നിർദ്ദേശത്തിൽ നിന്ന് പൂർണമായും പിന്മാറണമെന്നും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

## ജന്റർ ശിൽപ്പശാല

ചേളന്നൂർ : ശാസ്ത്രസാഹിത്യ പരിഷത്ത് കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചേളന്നൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ ജന്റർ ശിൽപ്പശാല സംഘടിപ്പിച്ചു. പഞ്ചായത്തുകളിൽ ആസൂത്രണത്തിന്റെ ഭാഗമായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുവേണ്ടി നടത്തിയ ശിൽപ്പശാല ചേളന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി.വത്സല ഉദ്ഘാടനം ചെയ്തു. ജന്റർ വിഷയസമിതി കൺവീനർ പി.വിജയൻ ആമുഖാവതരണം നടത്തി. സംസ്ഥാന കൺവീനർ പി.ഗോപകുമാർ വിഷയാവതരണം നടത്തി. കെ.അശോകൻ, സി.വിജയൻ, സുധി പി, കെ.ലോഹിതാക്ഷൻ എന്നിവർ വിവിധ ഗ്രൂപ്പുകളിൽ ചർച്ചയ്ക്ക് നേതൃത്വം നൽകി.

## നവോത്ഥാന കലാജാഥക്ക് സ്വീകരണം നൽകി



അരീക്കോട്; കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മലപ്പുറം ജില്ലാകമ്മറ്റി സംഘടിപ്പിച്ച നവോത്ഥ കലാജാഥക്ക് വിളയിൽ, ചെമ്രക്കാട്ടൂർ, തച്ചണ്ണ, പാക്കുളം എന്നീസ്ഥലങ്ങളിൽ സ്വീകരണം നൽകി. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ല വിളംബരത്തിന്റെ 100-ാം വാർഷികത്തിന്റെ ഭാഗമായി നമുക്ക് ജാതിയില്ല, സയൻസ് ദശകം, പറയുന്നു കബീർ, നന്മകൾ പൂത്തിടട്ടെ, തുറക്കാത്തമേശ, പടയാളികൾ പറയുമ്പോൾ തുടങ്ങിയ സ്ക്രിപ്റ്റുകളാണ് അവതരിപ്പിച്ചത്. ജാഥാസ്വീകരണത്തിന്റെ ഭാഗമായി ശാസ്ത്രപുസ്തക പ്രചാരണം നടന്നു. സംഗീത നാടക അക്കാദമി അവാർഡ് നേടിയ ഇ.സി. ദിനേശ് കുമാർ ഫോട്ടോണിക്സിൽ ഡോക്ടറേറ്റ് നേടിയ മനൂപ് ചെഞ്ചിലിയൻ എന്നിവരെ ആദരിച്ചു. ജാഥാമാനേജർ സി. എൻ. സുനിൽ വിശദീകരണം നടത്തി. സുധാകരൻ ചൂലൂർ, സി.പി. സുരേഷ് ബാബു, സി.സി. സുധീർ, ഇ. കൃഷ്ണൻ, ടി. വി. കൃഷ്ണപ്രകാശ്, സി. പി ഹരീഷ്, ശിവരാജൻ, പി. സുബ്രഹ്മണ്യൻ പനമ്പറ്റ, സി. പി സുഭാഷ് എന്നിവർ സംസാരിച്ചു. ജാഥ ഫെബ്രുവരി 28ന് കരുവാരകുണ്ടിൽ സമാപിക്കും.

## കണ്ണൂർ ജില്ലാ ബാലശാസ്ത്ര കോൺഗ്രസ്സ്



ബാലശാസ്ത്ര കോൺഗ്രസ്സ് ശേഖരൻ മിനിയോടൻ ഉദ്ഘാടനം ചെയ്യുന്നു

പരിയാരം : കണ്ണൂർ ജില്ലാ ബാലശാസ്ത്രകോൺഗ്രസ്സ് പരിയാരം മെഡിക്കൽ കോളേജിൽ വച്ച് നടന്നു. മെഡിക്കൽ കോളേജ് ചെയർമാൻ ശേഖരൻ മിനിയോടൻ ഉദ്ഘാടനം ചെയ്തു. പരിഷത്ത് ജില്ലാ പ്രസിഡന്റ് കെ.വിനോദ്കുമാർ അദ്ധ്യക്ഷനായി. ഡോ.എ.കെ.ജയശ്രീ, പി.എം.സിദ്ധാർത്ഥൻ, കെ.വി. മനോജ്, എ.പി.രാജേഷ്, പ്രൊഫ.എൻ.കെ.ഗോവിന്ദൻ എന്നിവർ സംസാരിച്ചു. പരിഷത്ത് ജില്ലാ സെക്രട്ടറി എം.ദിവാകരൻ സ്വാഗതവും മേഖലാ സെക്രട്ടറി കെ.സി.പ്രകാശൻ നന്ദിയും പറഞ്ഞു.

ജില്ലയിലെ വിവിധ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നൂറ്റിഅൻപത് കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. വാക്സിനേഷൻ' എന്ന വിഷയത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.കെ. സുധാകരൻ, ' സൂക്ഷ്മജീവികളുടെ ലോകം' എന്ന വിഷയത്തിൽ ഡോ.അജിത ആനന്ദ് എന്നിവർ ക്ലാസ് എടുത്തു.

മെഡിക്കൽ കോളേജ് മ്യൂസിയം, മൈക്രോബയോളജി വിഭാഗം, മാലിന്യസംസ്കരണ പ്ലാന്റ് എന്നിവയുടെ സന്ദർശനം, പ്രബന്ധ അവതരണങ്ങൾ, നക്ഷത്രനിരീക്ഷണ ക്ലാസ് തുടങ്ങിയവ ക്യാമ്പിന്റെ ഭാഗമായി നടന്നു.

## മേഖലാബാലോത്സവം



ഇരിട്ടി : കോഴിക്കോട് ജില്ലാസമ്മേളനത്തിന്റെ അനുബന്ധപരിപാടിയായി നാദാപുരത്ത് മേഖലാബാലോത്സവം സംഘടിപ്പിച്ചു. പുറമേരി പഞ്ചായത്തിലെ തണ്ണീർപന്തലിൽ വച്ചായിരുന്നു ബാലോത്സവം. ഉദ്ഘാടനപരിപാടിയിൽ രവീന്ദ്രൻ സ്വാഗതം പറഞ്ഞു. പരിഷത്ത് ജില്ലാകമ്മിറ്റി അംഗം എൻ.ടി.ഹരിദാസൻ ഉദ്ഘാടനം ചെയ്തു. തണ്ണീർപന്തൽ, പെരുമുണ്ടച്ചേരി, നരിക്കാട്ടേരി, അരൂർ യൂണിറ്റുകളിൽ നിന്ന് കുട്ടികൾ പങ്കെടുത്തു. ബാലവേദി ജില്ലാ കൺവീനർ മൊയ്തീൻ മാസ്റ്റർ, മേഖലാ ചെയർമാൻ സത്യനാഥൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

## വെന്തുരുകും മുൻപേ... ടോക്ഷോ



കൊടുങ്ങല്ലൂർ : കൊടുങ്ങല്ലൂർ മേഖലാസമ്മേളനത്തിന്റെ അനുബന്ധപരിപാടിയായി ഫെബ്രുവരി 26 ന് കാര സെന്ററിൽ "വെന്തുരുകും മുൻപേ.... ടോക്ക് ഷോ " നടന്നു. പരിഷത്ത് കേന്ദ്രനിർവ്വാഹകസമിതി അംഗം അഡ്വ: കെ.പി. രവിപ്രകാശ് വിഷയാവതരണം നടത്തി. എടവിലങ്ങ് പഞ്ചായത്ത് പ്രസിഡന്റ് ടി.എം. ഷാഫി, എം.ജി അനിൽകുമാർ, ബെന്നി കാവാലംകുഴി, സുനിൽകുമാർ, സി.വി.മോഹൻകുമാർ, ഇ.കെ.സജീവ്, മനോജ്, എം.ജി.സിനിലാൽ, സി.എ .നസീർ മാസ്റ്റർ, എൻ.ആർ. രമേഷ് ബാബു, ടി.കെ.സഞ്ജയൻ, എം.ആർ.സുനിൽ ദത്ത്, ടി.എം.ജലീൽ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. എൻ.വി.വിപിൻ നാഥ് സ്വാഗതവും ഷൈനി കരീം നന്ദിയും പറഞ്ഞു. -

## വീട്ടിൽ ഒരു ശാസ്ത്ര വായനശാല - പുസ്തകചർച്ച

പുല്പള്ളി: - വയനാട് ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടത്തിവരുന്ന "വീട്ടിൽ ഒരു ശാസ്ത്രവായനശാല" പദ്ധതിയുടെ 4-ാം പുസ്തകചർച്ച അമരക്കുനിയിൽ ഒ.കെ.പീറ്ററിന്റെ ഭവനത്തിൽ വെച്ച് നടന്നു. കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിദ്ധീകരിച്ച ഭൂമി ഒരു പൊതുസ്വത്ത് എന്ന പുസ്തകം സുൽത്താൻ ബത്തേരി കനറാ ബാങ്കിന്റെ സീനിയർ മാനേജരും സാഹിത്യകാരനുമായ ശ്രീ.അനിൽകുമാർ ജെ. പരിചയപ്പെടുത്തി. മുൻതലമുറ നമുക്കായി നല്കിയ ഭൂമി വരും തലമുറയ്ക്ക് കൈമാറേണ്ടതാണ് എന്ന ബോധ്യം ഈ പുസ്തകം വായിക്കുന്നതിലൂടെ കൈവരുമെന്ന് പറഞ്ഞുകൊണ്ടാണ് പുസ്തക അവതരണം ആരംഭിച്ചത്. തുടർന്ന് ഓരോ അധ്യായവും പരിചയപ്പെടുത്തി വയൽ നികത്തൽ, കുന്നിടിക്കൽ, നദീ മലിനീകരണം, പ്ലാസ്റ്റിക്ക് ഉയർത്തുന്ന വെല്ലുവിളികൾ പശ്ചിമഘട്ട സംരക്ഷണം, കുഴൽക്കിണറുകളുയർത്തുന്ന വെല്ലുവിളികൾ, മഴവെള്ള ശേഖരണം, വ്യവസായവൽക്കരണത്തിന്റെ ദുരന്തങ്ങൾ, മുളംകാടുകൾ, വയൽ സംരക്ഷണം തുടങ്ങി ഇന്നിന്റെ നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ പുസ്തക ചർച്ച സഹായകമായി. ചർച്ചയിൽ 17 പേർ പങ്കെടുത്തു. പുല്പള്ളി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ ശ്രീ. എസ്.വി.അനിൽ മോൻ ചർച്ചകൾക്ക് തുടക്കം കുറിച്ചു. മേഖലാ വൈസ് പ്രസിഡണ്ട് ശ്രീ പി.സി. മാത്യു അധ്യക്ഷനായിരുന്നു. മേഖലാ സെക്രട്ടറി എം.എം.ടോമി മേഖലയിലെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഒ.കെ. പീറ്റർ സ്വാഗതവും യൂണിറ്റ് സെക്രട്ടറി ബിനു ടി.കെ. നന്ദിയും രേഖപ്പെടുത്തി.

## മേഴത്തൂർ യൂണിറ്റ് വാർഷികം



പരിഷത്ത് ജില്ല സെക്രട്ടറി കെ.എസ്.സുധീർ മേഴത്തൂർ യൂണിറ്റ് വാർഷികം ഉദ്ഘാടനം ചെയ്യുന്നു.

മേഴത്തൂർ : ശാസ്ത്രസാഹിത്യ പരിഷത്ത് മേഴത്തൂർ യൂണിറ്റ് വാർഷികം ജില്ലാ സെക്രട്ടറി കെ.എസ്.സുധീർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ഇ.വി.സേതുമാധവന്റെ അധ്യക്ഷതയിൽ നടന്ന വാർഷിക യോഗത്തിന് എം.എം.പരമേശ്വരൻ സ്വാഗതം പറഞ്ഞു. യൂണിറ്റ് സെക്രട്ടറി കെ.എം.ശ്രീജ റിപ്പോർട്ടും വരവുചെലവ് കണക്കും അവതരിപ്പിച്ചു. പുതിയ ഭാരവാഹികളായി കെ.പി.സ്വർണ്ണ കുമാരി (പ്രസിഡന്റ്) എ.സുരേഷ് (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

## എറിയാട് യൂണിറ്റ് വാർഷികം

കൊടുങ്ങല്ലൂർ : എറിയാട് യൂണിറ്റ് വാർഷികസമ്മേളനം ഫെബ്രുവരി 24 ന് വെള്ളിയാഴ്ച 2 മണി മുതൽ എറിയാട് ആവണി റസിഡൻസ് അസ്സോസിയേഷനിലെ അയ്യാരിൽ അബ്ദുള്ളയുടെ വസതിയിൽ വെച്ച് നടന്നു. കൊടുങ്ങല്ലൂർ മേഖല പ്രസിഡന്റ് എം.ആർ.സുനിൽ ദത്ത് ജലസുരക്ഷ - ജീവസുരക്ഷ ക്ലാസ്സ് അവതരിപ്പിച്ച് കൊണ്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ.എ. അബൂബക്കർ അധ്യക്ഷത വഹിച്ചു. മേഖല ജോ: സെക്രട്ടറി ടി.കെ.സഞ്ജയൻ സംഘടനാ രേഖ അവതരിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ഫിലോമിന സുബ്രഹ്മണ്യൻ പ്രവർത്തന റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. തെരഞ്ഞെടുപ്പിന് പുല്ലൂറ്റ് യൂണിറ്റ് സെക്രട്ടറി എൻ.എ .എം.അഷറഫ് നേതൃത്വം നൽകി. ഹൗസിയ ഷാജഹാൻ സ്വാഗതവും എ.പി.മനോജ് നന്ദിയും പറഞ്ഞു. ചർച്ചകളിൽ പങ്കെടുത്തു കൊണ്ട് എ.പി. സ്നേഹലത സംസാരിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം വി.ജി. കുഞ്ഞിക്കുട്ടൻ ആശംസകൾ നേർന്നു. 35 പേർ പങ്കെടുത്തു. പുതിയ ഭാരവാഹികൾ: കെ.എ.അബൂബക്കർ (പ്രസിഡന്റ്), ഷീന ലെനിൻ (വൈസ് പ്രസിഡന്റ്), എ.പി.മനോജ് (സെക്രട്ടറി), സിജി സജീവ് (ജോ. സെക്രട്ടറി)

## കയ്പമംഗലം യൂണിറ്റ് വാർഷികം

മതിലകം : പരിഷത്ത് കയ്പമംഗലം യൂണിറ്റ് വാർഷികം ക്ഷേമോദയം LP സ്കൂളിൽ വെച്ചു നടന്നു. പുത്തൻചിറ ഗവ. ഹയർ സെക്കണ്ടറി പ്രിൻസിപ്പലും പരിഷത്ത് മേഖല കമ്മറ്റി അംഗവുമായ കെ.കെ. ഹരീഷ് കുമാർ 'പൊതു വിദ്യാഭ്യാസ സംരക്ഷണത്തിൽ സമൂഹത്തിന്റെ പങ്ക്' എന്ന വിഷയം അവതരിപ്പിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി കെ.എ. ബൈജു സ്വാഗതം പറഞ്ഞു. യൂണിറ്റ് സെക്രട്ടറി ബിബിൻ റിപ്പോർട്ടും വരവ് ചെലവു കണക്കും അവതരിപ്പിച്ചു. മേഖല പ്രസിഡണ്ട് അനിൽ കാട്ടിക്കുളം യൂണിറ്റ് രേഖ അവതരിപ്പിച്ചു. പുതിയ ഭാരവാഹികളുടെ പാനൽ മേഖലാ വൈ.പ്രസിഡണ്ട് കെ.ബി. മനോജ് അവതരിപ്പിച്ചു. ജില്ലാ വൈ. പ്രസിഡണ്ട് PB സജീവൻ മാസ്റ്റർ സമ്മേളനത്തിൽ പങ്കെടുത്തു. പുതിയ ഭാരവാഹികളായി പ്രസിഡണ്ട് - അശ്വതി.കെ.എ, വൈസ് പ്രസിഡണ്ട് - അരുൺ മോഹൻ, സെക്രട്ടറി - ബിബിൻ.വി.ബി. ജോ: സെക്രട്ടറി - സായൂജ്M S എന്നിവരെ തെരഞ്ഞെടുത്തു.

## കുമരകം യൂണിറ്റ് വാർഷികം.



അഡ്വ.അംബരീഷ ജി.വാസു ഉദ്ഘാടനം ചെയ്യുന്നു.

കുമരകം : ശാസ്ത്രസാഹിത്യ പരിഷത്ത് കുമരകം യൂണിറ്റ് വാർഷികം കുമരകത്ത് ആൽച്ചുവട്ടിൽ കവിയും സാംസ്കാരിക പ്രവർത്തകനുമായ അംബരീഷ് ജി.വാസു ഉദ്ഘാടനം ചെയ്തു. ഇ.എം.ജ്യോതിലാൽ അദ്ധ്യക്ഷനായിരുന്നു. യൂണിറ്റ് സെക്രട്ടറി മഹേഷ് ബാബു പ്രവർത്തന റിപ്പോർട്ടും ജില്ലാ പ്രസിഡന്റ് പി.പ്രകാശൻ സംഘടനാ രേഖയും അവതരിപ്പിച്ചു. ഭാരവാഹികളായി മഹേഷ് ബാബു (പ്രസിഡന്റ്), ഇ.എം.ജ്യോതിലാൽ (സെക്രട്ടറി) സനീഷ് വി.തമ്പി (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. വി.ജി.വിശ്വദാസ്, ടി.എൻ. അമൃതനാഥ്, മേഘന ജോസഫ്, വി.ജി.ശിവദാസ്, നിഷാ മോൾ എം.സി എന്നിവർ സംസാരിച്ചു.

## ഇരിട്ടി യൂണിറ്റ് സമ്മേളനം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഇരിട്ടി യൂണിറ്റ് സമ്മേളനം ഫെബ്രുവരി 19 ഞായർ 3 മണിക്ക് ഇരിട്ടി കെ.എസ്.ടി.എ. ഓഫീസിൽ വച്ച് നടന്നു. സി. സുഗതന്റെ അധ്യക്ഷതയിൽ ജോ. സെക്രട്ടറി മനോജ് ടി.കെ. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സംഘടനാരേഖ മേഖലാ പ്രസിഡന്റ് കെ.സുരേശൻ അവതരിപ്പിച്ചു. ചർച്ചയിൽ അബു ഉവ്വാപ്പള്ളി, ടി.പ്രസാദ്, രാജൻ അതുല്യ, കെ.മോഹനൻ എന്നിവർ പങ്കെടുത്തു. പുതിയ ഭാരവാഹികളായി സി.സുഗതൻ പ്രസിഡന്റ്, അബു ഉവ്വാപ്പള്ളി വൈസ് പ്രസിഡന്റ്, മനോജ് ടി.കെ. സെക്രട്ടറി, ടി.പ്രസാദ് ജോ. സെക്രട്ടറി എന്നിവരെയും 11 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തിരഞ്ഞെടുത്തു.

## തണ്ണീർപന്തൽ യൂണിറ്റ് രൂപീകരിച്ചു

നാദാപുരം മേഖലയിൽ തണ്ണീർപന്തൽ യൂണിറ്റ് ഉദ്ഘാടനസമ്മേളനം നടന്നു. സമ്മേളനം ജില്ലാ കമ്മിറ്റി അംഗം വി.കെ.ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മേഖലാസെക്രട്ടറി ഇ. മുരളീധരൻ സംഘടനാരേഖ അവതരിപ്പിച്ചു. 26 പേർ പങ്കെടുത്തു. ഭാരവാഹികൾ: ശ്രീജിത്ത്.എൻ.പി(പ്രസിഡന്റ്), രവീന്ദ്രൻ പറമ്പത്ത്(വൈസ് പ്രസിഡന്റ്), സനൽ.എം.കെ (സെക്രട്ടറി), രാധ(ജോയിന്റ് സെക്രട്ടറി.

## നന്മണ്ട യൂണിറ്റ് വാർഷികം

അന്ധവിശ്വാസചൂഷണത്തിനെതിരെ നിയമനിർമ്മാണനടപടികൾ ത്വരിതപ്പെടുത്തണമെന്ന് കേരളശാസ്ത്രസാഹിത്യപരിഷത്ത് നന്മണ്ട യൂണിറ്റ് സമ്മേളനം പ്രമേയത്തിലൂടെ കേരളസർക്കാറിനോട് ആവശ്യപ്പെട്ടു. 2014-ൽ തന്നെ ഇതുസംബന്ധിച്ച നിവേദനങ്ങൾ സംസ്ഥാനത്തെ എല്ലാ നിയമസഭാസാമാജികർക്കും അന്നത്തെ ആഭ്യന്തരമന്ത്രിക്കും, മുഖ്യമന്ത്രിക്കും പരിഷത്ത് സമർപ്പിച്ചിരുന്നു. അത്തരത്തിലുള്ള നിയമനിർമാണം സർക്കാറിന്റെ പരിഗണനയിലാണെന്നാണ് ആഭ്യന്തരമന്ത്രി നിയമസഭയിൽ പറഞ്ഞത്. എന്നാലിതുവരെ അത്തരം നടപടികൾ മുന്നോട്ടു പോകാത്ത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. നന്മണ്ട ഗ്രാമപ്പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ യൂണിറ്റ് പ്രസിഡണ്ട് എം.പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സെക്രട്ടറി ഒ.കെ. ഹരീഷ് കുമാർ റിപ്പോർട്ടും പി.വിജയൻ (ജില്ലാ ജന്റർ വിഷയസമിതി കൺവീനർ) സംഘടനാരേഖയും അവതരിപ്പിച്ചു. മേഖലാ കമ്മിറ്റി അംഗം വി.പി.വാസു വരണാധികാരിയായി. ഭാരവാഹികൾ. എം.പ്രഭാകരൻ(പ്രസിഡണ്ട്), ഡോ.സി.നാരായണൻ (വൈസ് പ്രസിഡണ്ട്), ഒ.കെ. ഹരീഷ് കുമാർ (സെക്രട്ടറി), ഷബിൽ കുമാർ സി.ഡി(ജോ. സെക്രട്ടറി)

## അഴീക്കോട് യൂണിറ്റ് വാർഷികം

കൊടുങ്ങല്ലൂർ : അഴീക്കോട് യൂണിറ്റ് സമ്മേളനം മേനോൻ ബസാർ ഗവ.യു. പി സ്കൂളിൽ വച്ച് നടന്നു. കൊടുങ്ങല്ലൂർ ബി. പി. ഒ., പി.എ നൗഷാദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ എസ് സുനിൽകുമാർ അധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി പി എ മുഹമ്മദ് റാഫി പ്രവർത്തനറിപ്പോർട്ടും കൊടുങ്ങല്ലൂർ മേഖല പ്രസിഡൻറ് എം ആർ സുനിൽദത്ത് സംഘടനാരേഖയും അവതരിപ്പിച്ചു. പുസ്തകം-ബദൽ ഉല്പന്നങ്ങളുടെ പ്രചാരണഉദ്ഘാടനം എറിയാട് വൈസ് പ്രസിഡന്റ് പി എം അബ്ദുള്ള നിർവഹിച്ചു. മാലിന്യസംസ്കരണബിൻ എം.എ ശാന്ത ടീച്ചർ ഏറ്റുവാങ്ങി. കേരളത്തിലെ പഞ്ചായത്ത് രാജ്, കുടുംബശ്രീ, പൊതുവിദ്യാഭ്യാസ സംവിധാനങ്ങളെ കുറിച്ചും ഇതിനോട് കണ്ണിചേർന്നുള്ള കേന്ദ്രപദ്ധതികളായ തൊഴിലുറപ്പ്, ആരോഗ്യഇൻഷുറൻസ് പദ്ധതികളെ കുറിച്ചുമുള്ള ദേശീയ-കേരള വിലയിരുത്തൽ നടത്തുന്ന "ഉപജീവനം അതിജീവനം " എന്ന പുസ്തകം ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ പരിചയപ്പെടുത്തി. അംബിക ശിവപ്രിയൻ(ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ-എറിയാട്) അഡ്വക്കേറ്റ്.വി എ സബാഹ് (ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ-എറിയാട്)സി എ നസീർ (വൈസ് പ്രസി. കൊടുങ്ങല്ലൂർ മേഖല)എൻ എസ് ജയൻ (സെക്രട്ടറി-കൊടുങ്ങല്ലൂർ മേഖല) ജനപ്രതിനിധികളായ പ്രസീന റാഫി, കെ എ മുഹമ്മദ്, വിൽസി ബൈജു എന്നിവർ സംസാരിച്ചു. യൂണിറ്റ് നിർവാഹക സമിതി, മേഖല സമ്മേളന പ്രതിനിധികൾ എന്നിവരെ തെരഞ്ഞെടുത്തു. എ ബി എം സഗീർ (ട്രഷറർ,കൊടുങ്ങല്ലൂർ മേഖല) നേതൃത്വം നൽകി. കെ എസ് സുനിൽകുമാർ (പ്രസിഡണ്ട്) സുബിത, ഷൈലപ്പൻ(വൈസ് പ്രസിഡന്റ്)പി എ മുഹമ്മദ് റാഫി (സെക്രട്ടറി)തസ്ലീമ സി എൻ, പി എസ് അഫ്സൽ(ജോ. സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു. സി.എൻ തസ്ലീമ സ്വാഗതവും കെ.എം ഷൈലപ്പൻ നന്ദിയും പറഞ്ഞു

## ശാസ്ത്രദിനം ആചരിച്ചു




കൊല്ലം : പരിഷത്ത് കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം പബ്ലിക്ക് ലൈബ്രറി സരസ്വതി ഹാളിൽ ശാസ്ത്രസന്ദേശം നൽകികൊണ്ട് പ്രൊഫ: കെ.പാപ്പുട്ടി മാഷ് ശാസ്ത്രദിന പരിപാടി ഉദ്ഘാടനം ചെയ്തു. ലഘുചിത്രങ്ങൾക്കുള്ള ഗോൾഡൻ ബീവർ ദേശീയ പുരസ്കാരം നേടിയ 'ഒരേ നാദം ഒരേ താളം' ഷോർട്ട് ഫിലിം സംവിധായകനും പഠനകേന്ദ്രം ഡയറക്ടറുമായ കെ വി എസ് കർത്തയ്ക്കും സക്രിപ്റ്റിനുള്ള പ്രത്യേക ജൂറി പുരസ്കാരം നേടിയ കൊല്ലം ജന്റർ വിഷയസമിതി ചെയർപേഴ്സൺ ലില്ലി കർത്തയേയും മറ്റ് ടീം അംഗങ്ങളെയും മതരഹിത വിവാഹം കഴിച്ച ജില്ലാ ജോ. സെക്രട്ടറി ജോസ് സാമുവൽ - ഭാഗ്യലക്ഷമി ദമ്പതികളെയും അനുമോദിച്ചു. ഒരേ നാദം ഒരേ താളം ടീം അംഗങ്ങൾക്ക് അണ്ണനും മാതൃകാ ദമ്പതികൾക്ക് മുൻഗാമികളായ നിർവാഹക സമിതിയംഗം പി എസ് സാനുവും ആർ.പി സുഷമയും ജില്ലാ കമ്മിറ്റിയുടെ ഉപഹാരങ്ങൾ നൽകി. നിർവാഹകസമിതി അംഗം സൂര്യാലക്ഷ്മി, ജില്ലാ വൈസ് പ്രസിഡണ്ട് എൽ ഷൈലജ, ജി.രാജശേഖരൻ എന്നിവർ ആശംസകളർപ്പിച്ചു. ഭാഗ്യലക്ഷ്മി, കെ.വി എസ് കർത്ത, ലില്ലി കർത്ത എന്നിവർ മറുമൊഴി നൽകി. കെ.വി. വിജയൻ അധ്യക്ഷത വഹിച്ചു. ജി.കലാധരൻ സ്വാഗതവും എസ്.എം ജോസഫ് നന്ദിയും പറഞ്ഞു. തുടർന്ന് ഒരേ നാദം ഒരേ താളം അവതരണവും ചർച്ചയും നടന്നു. ആർ കമലാസനന്റെ പടപ്പാട്ടും ചെഹിമ, അഷിത, തീർത്ഥ എന്നിവരുടെ കാവ്യാലാപനവും നടന്നു.



പഠന മാധ്യമം
മാതൃഭാഷയിലാക്കുക

ഭരണഭാഷ
മാതൃഭാഷയിലാക്കുക

പുതു അറിവ്

പ്രൊഫ.കെ.ആർ.ജനാർദനൻ

# റേഡിയോ ആക്ടീവ് പാഴ്വസ്തുക്കളിൽ നിന്ന് വജ്ര ബാറ്ററി

ഫോസിൽ ഇന്ധനങ്ങൾക്ക് ബദലായി അണു ഊർജ ത്തെ പല ശാസ്ത്രജ്ഞരും ഉയർത്തിക്കാട്ടിയിരുന്നു. എന്നാൽ അണു ഊർജ ഉത്പാദനം അത്യന്തം റേഡിയോ ആക്ടീവ ങ്ങളായ പദാർഥങ്ങളെ അവശേഷിപ്പിക്കുന്നു. ഇവയുടെ സുരക്ഷിതമായ ഒതുക്കൽ 21-ാം നൂറ്റാണ്ട് നേരിടുന്ന ഏറ്റവും നിർണായകമായ സാങ്കേതിക വെല്ലുവിളിയാണ ത്രേ. ന്യൂക്ലിയാർ അവശിഷ്ടങ്ങളെ വെറുതെ ഒതുക്കുന്നതിൽ മാത്രം ശ്രദ്ധിച്ചാൽ പോര. ദീർഘകാലം സുരക്ഷിതത്വമായി അവയെ ശേഖരിച്ച് വെക്കുകയും വേണം. കാരണം ഈ അവശിഷ്ടത്തിൽ വളരെ വിലയേറിയ റേഡിയോ ആക്ടീവ് ഐസോടോപ്പുകൾ അടങ്ങിയിട്ടുണ്ട്. വ്യവസായിക രംഗത്തും വൈദ്യശാസ്ത്രരംഗത്തും വളരെയധികം ഉപയോ ഗപ്പെടുന്ന ഐസോടോപ്പുകൾ അവയിൽ ഉണ്ട്. കൂടാതെ അവയെ വീണ്ടും സംസ്കരിച്ച് കൂടുതൽ ആണവ ഇന്ധനം ഉൽപാദിപ്പിക്കാൻ കഴിയും. ഈ സാഹചര്യത്തിലാണ് റേഡിയോ ആക്ടീവ് പാഴ്വസ്തുക്കളെ ഏതാണ്ട് സുരക്ഷിത മായി അടച്ചുവെയ്ക്കാൻ അടുത്തകാലത്ത് കണ്ടുപിടിച്ച ഒരു മാർഗം പ്രത്യേക പരിഗണനയ്ക്ക് വിധേയമാകുന്നത്.

യൂണിവേഴ്സിറ്റി ഓഫ് ബ്രിസ്റ്റലിയിലെ ശാസ്ത്രജ്ഞരാണ് ഇതിനായി ഒരു പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചെ ടുത്തിരിക്കുന്നത്. ദൂഷണരഹിത വൈദ്യുതി റേഡിയോ ആക്ടീവ് പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഉത്പാദിപ്പിക്കാമെ ന്നാണ് അവർ അവകാശപ്പെടുന്നത്. റേഡിയോ ആക്ടീവ് വാതകങ്ങളെ കൃത്രിമ വജ്ര കല്ലുകളായി മാറ്റിയാണ് അവർ വൈദ്യുതി ഉൽപാദനം സാധ്യമാക്കിയത്. മനുഷ്യനിർമിത വജ്രം റേഡിയോ ആക്ടീവ് ക്ഷേത്രത്തിൽ വയ്ക്കുമ്പോൾ വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നു. അതിനാൽ അവയെ ചെറിയ തോതിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന ബാറ്ററി കളായി ഉപയോഗിക്കാം. ദീർഘകാലം തടസ്സം കൂടാതെ വൈദ്യുതി നൽകാൻ ഇത്തരം ബാറ്ററികൾക്ക് കഴിയും. കാരണം റേഡിയോ ആക്ടീവ് പദാഥങ്ങൾക്ക് നീണ്ട അർധായുസ്സുണ്ട്.

ബ്രിസ്റ്റൽ യൂണിവേഴ്സിറ്റിയുടെ ഇന്റർഫേസ് അനാ ലിസിസ് സെന്റർ പ്രൊഫസറും ജിയോ കെമിസ്റ്റുമായ ടോംസ്കോട്ട് ഈ ബാറ്ററിയെ പരിചയപ്പെടുത്തുന്നത് ശ്ര ദ്ധിക്കുക. ചലിക്കുന്ന ഭാഗങ്ങൾ ഇതിൽ ഉൾക്കൊണ്ടിട്ടില്ല. ഉത്സർജനത്തിനൊന്നും കാരണമാകുന്നില്ല. പരിപാലനം ആവശ്യമില്ല. നേരിട്ടുള്ള വൈദ്യുതി ഉൽപാദനം മാത്രം. വജ്രക്കല്ലുകൾക്കുള്ളിൽ റേഡിയോ ആക്ടീവ് പദാർഥം അട ച്ചുവെയ്ക്കുക വഴി ദീർഘകാലമായി നമ്മെ അലട്ടിയിരുന്ന ന്യൂ ക്ലിയർ പാഴ് വസ്തുക്കൾ സംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയിരിക്കുന്നു. പാഴ്വസ്തുക്കളെ ആണവോർജം വഴി പ്രവർത്തിക്കുന്ന ബാറ്ററിയായി മാറ്റുന്നതിലൂടെ വൃത്തിയുള്ള വൈദ്യുതി ദീർഘകാലം വിതരണം ചെയ്യാൻ കഴിയും.

ഇതൊരു തുടക്കം മാത്രം. സാങ്കേതികവിദ്യ പരിഷ്കരിക്കു ന്നതിനും ബാറ്ററിയുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്ന തിനും കൂടുതൽ ഗവേഷണം ആവശ്യമാകുന്നു. ന്യൂക്ലിയാർ പവർ പ്ലാന്റുകളിൽ മന്ദികാരിയായി ഉപയോഗിക്കുന്ന ഗ്രാ ഫൈറ്റ് കട്ടകളിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന കാർബൺ -14 എന്ന റേഡിയോ ഐസോടോപ്പ് ഉപയോഗിക്കുക വഴി വജ്രബാറ്ററിയുടെ പ്രവർത്തനക്ഷമത വർധിപ്പിക്കാമ ത്രേ. കാർബൺ -14 ന്റെ അർധായുസ്സ് 5730 വർഷമാണ്. ഇതിന്റെ വികിരണം ഹ്രസ്വശ്രേണിയിലായതിനാൽ പെട്ടെ ന്ന് ആകിരണം ചെയ്യപ്പെടുകയും സുരക്ഷിതമായി വജ്രത്തി നള്ളിൽ തന്നെ തളച്ചിടപ്പെടുകയും ചെയ്യുന്നു. ഏറ്റവും കാഠിന്യമുള്ള പദാർഥമാണല്ലോ വജ്രം. അതിനാൽ റേഡിയോ ആക്ടീവ് വികിരണങ്ങൾ പുറത്തേയ്ക്ക് രക്ഷപ്പെടുന്നില്ല. ബാറ്റ റിയിൽ തൊടുന്നതുകൊണ്ട് അപകടമൊന്നുമില്ല. ബ്രിസ്റ്റൽ യൂണിവേഴ്സിറ്റി ഓഫ് കെമിസ്ട്രിയിലെ പ്രൊഫസർ ഡോ.നിൽ ഫോക്സ് വജ്രബാറ്ററിയിൽ വലിയ പ്രതീക്ഷകൾ അർപ്പിക്കു ന്നു. സാധാരണ ബാറ്ററികൾ റീച്ചാർജ് ചെയ്യാൻ പറ്റാത്ത സാഹചര്യങ്ങളിൽ വജ്രബാറ്ററി ഒരു അനുഗ്രഹമായിരിക്കും. കുറഞ്ഞ പവർ മാത്രം ആവശ്യമായ എന്നാൽ ദീർഘകാലം പ്രവർത്തിപ്പിക്കേണ്ടിവരുന്ന പേസ്മേക്കറുകൾ, കൃത്രിമ ഉപഗ്ര ഹങ്ങൾ, അത്യുയരത്തിൽ പറക്കുന്ന ഡ്രോണുകൾ എന്തിന് ബഹിരാകാശ പേടകങ്ങളിൽ വരെ ഇത്തരം ബാറ്ററികൾ ഉപയോഗിക്കാം.

സ്ത്രീപക്ഷം

# സിനിമാ വ്യവസായത്തിന് ജന്റർ ഡെസ്ക് വേണം

ആർ.പാർവതി ദേവി

ഒരു നടിക്കുനേരെ നടന്ന ഹീനമായ കടന്നാക്രമണം ചലച്ചിത്രലോകത്തെ ദുരൂ ഹമായ കുറെ അടഞ്ഞ മു റികളുടെ വാതിലുകൾ തുറ പ്പിച്ചിരിക്കുന്നു. തൊഴിലാളി സംഘടനകളും ക്ഷേമകൂ ട്ടായ്മകളും ധാരാളം ഉള്ള ഒരു പ്രമുഖ വ്യവസായം ആണിന്ന് സിനിമ. 20-ാം നൂറ്റാണ്ടിന്റെ കല എന്നറി യപ്പെടുന്ന ജനപ്രിയമാധ്യമം ആയ ചലച്ചിത്ര ലോകത്തെ ഒട്ടും അഭിലഷണീയമല്ലാത്ത പ്രവണതകൾ സംബന്ധിച്ച വിവരങ്ങൾ ഞെട്ടലോടെ യാണ് സമൂഹം അറിഞ്ഞു കൊണ്ടിരിക്കുന്നത്. സിനി മാമന്ത്രി കൂടി ആയിരുന്ന കെ.ബി ഗണേഷ് കുമാർ രൂക്ഷമായ ഭാഷയിൽ ആരോപണങ്ങൾ ഉന്നയി ച്ചു. റിയൽ എസ്റ്റേറ്റും ഗുണ്ടാ മാഫിയയും എല്ലാം ചേർന്ന ഒരു അധോലോകം ചലച്ചി ത്രമേഖലയിൽ ഉണ്ടെന്നാണ് ഇപ്പോൾ പലരും രഹസ്യമാ യും പരസ്യമായും പറയുന്ന ത്. സ്വന്തമായി ഗുണ്ടകൾ ഉണ്ടാകുന്നത് നായകന്മാർ ക്ക് അഭിമാനമാണത്രേ!

എന്തായാലും ഈ അവ സ്ഥയുടെ ഇരകൾ സ്ത്രീകൾ ആകുന്നതു സ്വാഭാവികം. ആയിരക്കണക്കിന് സ്ത്രീകൾ സിനിമയുടെ പല വിഭാഗ ങ്ങളിൽ ജോലി ചെയ്യു ന്നുണ്ടാകാം. നർത്തകരും നായികമാരും ഗായകരും നടിമാരും ആയി എത്രയോ പേർ രാത്രിയെന്നോ പകലെ ന്നോ ഇല്ലാതെ പണി എടു ക്കുന്നു. ഇവരുടെ സുരക്ഷ ആരുടെ ഉത്തരവാദിത്തം ആണ്? നിരന്തരം അപരിചി തമായ പല സ്ഥലങ്ങളിലും ഷൂട്ടിങ്ങിനായി പോകേണ്ടി വരുന്നവർ. ആരോ ഒരുക്കുന്ന മുറികളിൽ തങ്ങേണ്ടി വരുന്ന വർ. കാട്ടിലും മലയിലും മരുഭൂ മിയിലും ആരുടെയൊക്കെയോ ഒപ്പം പാടുകയോ ആടുകയോ അഭിനയിക്കുകയോ ചെയ്യേ ണ്ടി വരുന്നവർ. ആരോ ചൂണ്ടി ക്കാണിക്കുന്ന വാഹനങ്ങളിൽ അവർ പറയുന്ന സ്ഥലത്തേക്ക് ആട്ടിൻപറ്റങ്ങളെ പോലെ നി രന്തരം യാത്ര ചെയ്യുകൊണ്ടേ ഇരിക്കുന്നവർ. കൂടുതൽ പേരും നിസ്സാര വേതനത്തിന് പണി എടുക്കുന്ന യുവതികൾ. നായികാ പദവിയിലേക്ക് വരു ന്നവർക്ക് ചില പരിഗണനകൾ കിട്ടുമായിരിക്കും. എന്നാൽ ബഹുഭൂരിപക്ഷവും തികഞ്ഞ അരക്ഷിതാവസ്ഥയിൽ കഴിഞ്ഞു കൂടുന്നവരാണെ ന്നുറപ്പ്! ഇതിന്റെ ഭാഗമായി സംഭവിക്കുന്ന പീഡനങ്ങളും അപമാനങ്ങളും തൊഴിൽജ ന്യ രോഗം പോലെ ഇക്കൂട്ടർ അംഗീകരിക്കുന്നു. തുല്യജോ ലിക്കു തുല്യകൂലിയും എട്ടു മണിക്കൂർ ജോലി സമയവും ഒന്നും ഇവർക്ക് കേട്ടറിവ് പോലും ഉണ്ടാവില്ല. തൊഴി ലിടങ്ങളിലെ ലൈംഗിക പീ ഡനത്തിനെതിരായ നിയമം ഇവർക്ക് ബാധകം ആകേണ്ട തല്ലേ? സിനിമാ ലോകത്തു മാത്രമായി നിലനിൽക്കുന്ന തല്ല സ്ത്രീവിരുദ്ധത. പുറം ലോകത്തെ എല്ലാ അനീതിയും ചൂഷണവും തന്നെ ആണ് ഇവിടെയും ഉള്ളത്. ഇന്ത്യയി ലെ സ്ത്രീകളുടെ പൗരാവകാശ ങ്ങൾക്കായി നിലവിലുള്ള നിയ മങ്ങൾ ചലച്ചിത്രലോകത്തിനും ബാധകമാണ്.

അഞ്ചു വർഷം മുൻപ് മേനക എന്ന നടിയോട് അതി ക്രമം കാണിച്ച അതേ വ്യക്തി വീണ്ടും കൂടുതൽ സ്ത്രീകളെ ആക്രമിക്കുന്നത് ചലച്ചിത്ര മേഖലയിൽ മാത്രമേ നടക്കൂ. മേനകയുടെ ഭർത്താവ് കൂടി ആയ ചലച്ചിത്ര നിർമാതാവ് സുരേഷ് കുമാർ തന്റെ ഭാര്യ ക്കുണ്ടായ അനുഭവം ഇപ്പോഴാ ണ് വെളിപ്പെടുത്തിയത്. അന്ന് കർശനമായ നടപടി ഉണ്ടായി രുന്നെങ്കിൽ ഇന്ന് യുവനടി ആക്രമിക്കപ്പെടില്ലായിരുന്നു. ചലച്ചിത്രലോകം ഒറ്റക്കെട്ടായി നടിയുടെ ഒപ്പം നിന്നു. പൃഥ്വീ രാജ് ആകട്ടെ ഒരു പടികൂടി കടന്നു സ്ത്രീവിരുദ്ധ റോളിൽ അഭിനയിക്കില്ലെന്ന് കൂടി പറഞ്ഞു വെച്ചു. നല്ല കാര്യം. പക്ഷെ മലയാള സിനിമ ഈ സംഭവത്തെ തുടർന്ന് സ്ത്രീപ ക്ഷം ആകുമെന്നൊന്നും വ്യാ മോഹിക്കാൻ ആവില്ല. എന്നാൽ ചെയ്യാനാകുന്നതു ചെയ്യുന്ന തിനുതന്നെയാകണം "അമ്മ" യും മറ്റു സിനിമ സംഘടനക ളും. ഒരു ജെണ്ടർ ഡെസ്കിന് മുൻകൈ എടുക്കണം. അതിന്റെ രൂപം എങ്ങനെ എന്ന് ചർച്ച ചെയ്യാം. തൊഴിലിടങ്ങളിലെ ലൈംഗിക പീഡനത്തിനെതിരെ നിലവിലെ നിയമപ്രകാരം ഉള്ള സമിതിയെ കുറിച്ചും ആലോ ചിക്കണം. സിനിമാ വ്യവസാ യത്തിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പരാതി നല്കാൻ ഒരു സംവിധാനം എന്നത് അസാ ധ്യമായ ഒന്നല്ല. ഇപ്പോൾ ഉള്ള കൂട്ടായ്മ കൂടുതൽ അർഥപൂ ർണമാക്കുവാൻ ഈ അവസരം ഉപയോഗിക്കാം. ആക്രമണം തുറന്നു പറഞ്ഞു നിയമത്തി ന്റെ സഹായം തേടിയ നടി തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. ധീരയാണവർ. എന്നാൽ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ പുതിയ ചുവ ടുവെയ്പുണ്ടായേ കഴിയൂ.

# ഗോൾഡൻ ബീവർ പുരസ്കാരം കെ.വി.എസ് കർത്തയ്ക്ക്

ഫെബ്രുവരി 14 - 18 തീയതികളിൽ കൊ ൽക്കത്തയിൽ വച്ച് നടന്ന ദേശീയ ശാസ്ത്രച ലച്ചിത്ര മേളയിൽ കെവി എസ് കർത്താ നിർമിച്ച "ഒരേ നാദം ... ഒരേ താളം ..." ഗോൾഡൻ ബീവർ പുരസ്കാരം നേ ടിയിരിക്കുന്നു. കഴിഞ്ഞ വർഷവും അദ്ദേഹത്തി ന് തന്നെയായിരുന്നു സമ്മാനം. തിരക്കഥ എഴുതിയ ലില്ലി കർ ത്താവിന് നല്ല തിരക്ക ഥയ്ക്കുള്ള അവാർഡും ലഭിച്ചു.



# ഫെബ്രുവരി 25-26 തിയതികളിൽ ഐആർടിസിയിൽ ചേർന്ന കേന്ദ്ര നിർവാഹകസമിതി യോഗതീരുമാനങ്ങളുടെ സംഗ്രഹം

### കലാജാഥ

വയനാട്, കോട്ടയം ഒഴികെയുള്ളജില്ലകളിൽ കലാജാഥ പൂർത്തിയായി. ഇതുവരെയുള്ള കണക്കനുസരിച്ച് 75ലക്ഷം രൂപയുടെ പുസ്തകം പ്രചരിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പുസ്തകങ്ങൾ മാർച്ച് 10നകം ജില്ലയിലെത്തിക്കുകയും ബാക്കി പണം അടച്ച് കണക്കുകൾ അവസാനിപ്പിക്കുകയും വേണം.

120പേർ ജാഥയിൽ പങ്കെടുത്ത് കലാപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. പലരും പരിഷത്തിൽ സജീവമായിട്ടുള്ളവരല്ല. ഇവരെ വീണ്ടും വിളിച്ചുകൂട്ടുകയും സംഘടനാപ്രവർത്തകരാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. അതോടൊപ്പം കലാജാഥയിൽ വരുത്താവുന്നമാറ്റങ്ങളും പരിശോധിക്കണം.

### യൂണിറ്റ് സമ്മേളനങ്ങൾ

കലാജാഥ വൈകിയതിനാൽ യൂണിറ്റ് സമ്മേളനങ്ങൾ ആരംഭിച്ചിട്ടേയുള്ളു. ഇതിനകം 241 സമ്മേളനങ്ങൾ മാത്രമെ പൂർത്തിയായിട്ടുള്ളു. മേഖലാ സമ്മേളനങ്ങൾക്കുമുമ്പായി എല്ലാ യൂണിറ്റ് സമ്മേളനങ്ങളും പൂർത്തിയാക്കണം. യൂണിറ്റ് കമ്മിറ്റിയിലും മേഖലാ സമ്മേളനപ്രതിനിധികളിലും 25ശതമാനം സ്ത്രീകളായിരിക്കണം. ഭാരവാഹികളുടെ പേരുവിവരം വെബ്സൈറ്റിൽ ചേർക്കണം.

### മേഖലാ സമ്മേളനം

മേഖലാ സമ്മേളനം സംബന്ധിച്ച് എല്ലാ മേഖലാ സെക്ര-ട്ടറിമാർക്കും വിശദാംശങ്ങൾ അടങ്ങുന്ന കത്തും തെരഞ്ഞെടുപ്പ് ഫോറവും അയച്ചിട്ടുണ്ട്. മേഖലാ സമ്മേളനങ്ങൾ നിശ്ചയിച്ചപ്രകാരം തന്നെ നടത്തണം. മേഖലാ കമ്മിറ്റിയിലും ജില്ലാ സമ്മേളന പ്രതിനിധികളിലും 25ശതമാനം സ്ത്രീകളായിരിക്കണം.

### അംഗത്വം

അംഗത്വപ്രവർത്തനം യൂണിറ്റ് സമ്മേളനത്തിൽ ആരംഭിക്കണം. പുതുക്കാനുള്ള ഫോറം വെബ്സൈറ്റിൽ ലഭ്യമാണ്. മുഴുവൻപേരെയും നേരിൽക്കണ്ടുതന്നെ അംഗത്വം പുതുക്കണം. പുതുതായി യുവാക്കൾ, സ്ത്രീകൾ, വിവിധമേഖലകളിൽ വൈദഗ്ധ്യമുള്ളവർ, ജനപ്രതിനിധികൾ, മുൻജനപ്രതിനിധികൾ എന്നിവരെയെല്ലാം അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യണം. അംഗത്വത്തിൽ 25ശതമാനം സ്ത്രീകളായിരിക്കണം. മേഖലാതലത്തിൽ അംഗത്വം പരിശോധിക്കണം.

### സാമ്പത്തികം.

ജില്ലാസമ്മേളനങ്ങൾ നേരത്തെയായതിനാൽ മാർച്ച് 20നകം സ്റ്റോക്കെടുപ്പ് നടത്തണം. സ്റ്റോക്കെടുക്കുന്നതിന് മുമ്പായി മുഴുവൻ പുസ്തകങ്ങളും ജില്ലയിൽ തിരിച്ചെത്തിക്കണം. സ്റ്റോക്ക് കണക്കാക്കി ബാക്കിതുക അടച്ച് കുടിശ്ശിക ഒഴിവാക്കണം.

### സംസ്ഥാനസമ്മേളനം

ഏപ്രിൽ 28,29,30 തിയതികളിൽ കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂളിൽ നടക്കും. പ്രസിദ്ധ ശാസ്ത്രജ്ഞനായ ഡോ.പി.ബാലറാം ഉദ്ഘാടനം ചെയ്യും. അനുബന്ധപരിപാടികൾ സജീവമായി മുന്നേറുന്നു. 1000ലധികം ക്ലാസ്സുകൾ നടന്നു. 4 മേഖലാ സെമിനാറുകൾ കഴിഞ്ഞു. ബാക്കിയുള്ളവയുടെ തിയതികളായി.

നവലിബറലിസത്തിന്റെ കാൽ നൂറ്റാണ്ട് എന്ന സംസ്ഥാനതലസെമിനാർ മാർച്ച് 18-19 തിയതികളിൽ കണ്ണൂരിൽ നടക്കുന്നു. സെമിനാറിൽ എല്ലാ ജില്ലകളിൽനിന്നും പങ്കാളിത്തമുണ്ടാകണം. 50രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ്

സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ് ഏപ്രിൽ 20,21,22 തിയതികളിൽ കോഴിക്കോട് സർവകലാശാലയിൽ നടക്കും. അതിന് മുമ്പായി ജില്ലാതലം പൂർത്തിയാക്കണം.

### പഞ്ചായത്തുതല ആസൂത്രണ സമിതികൾ

13-ാം പദ്ധതി രൂപീകരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിച്ചുവരികയാണ്. പല സ്ഥലങ്ങളിലും നമ്മുടെ പ്രവർത്തകർ ഈപ്രക്രിയകളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. വികസനം ഉപസമിതിയുടെ നേതൃത്വത്തിൽ അവർക്ക് ആവശ്യമായ പരിശീലനം നല്കി. പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ ജില്ലയിൽ നമ്മുടെ പ്രവർത്തകരെ വിളിച്ചുകൂട്ടുകയും ജില്ലാതല പരിശീലനം സംഘടിപ്പിക്കുകയും വേണം. കഴിയാവുന്നത്ര സ്ഥലങ്ങളിൽ മെച്ചപ്പെട്ട പദ്ധതി രൂപപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളെ സഹായിക്കണം.

# അന്തർദേശീയ വനിതാദിനം 2017
# International Womens Day 2017

**പ്രമേയം : മാറുന്ന തൊഴിലുകളിലെ സ്ത്രീ ഇടം : ഭൂമി 50:50/2030**

**Theme : Women in the changing world of work : planet 50:50 by 2030**




ലോകത്താകമാനം തൊഴിൽരംഗം വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികരംഗവും ഡിജിറ്റൽ ലോകവും തൊഴിലിന്റെ സ്വഭാവത്തിൽ പ്രവചനാതീതമായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. വ്യവസ്ഥാപിത തൊഴിൽരൂപങ്ങൾ മാറി തൊഴിലുകൾ അനൗപചാരികവും സ്ഥിരതയില്ലാത്തതുമായി മാറുന്നു. ഇന്ന് മാത്രമേയുള്ളു നാളെയില്ല എന്ന സ്ഥിതിയിലാണ് തൊഴിൽരംഗത്തെ വരുമാനത്തിന്റെ സ്വഭാവവും. ഈ പ്രവണത, 2015 ൽ ലോകനേതാക്കളംഗീകരിച്ച സുസ്ഥിരവികസനലക്ഷ്യങ്ങളുടെ ഭാഗമായ സ്ത്രീശാക്തീകരണത്തെ എങ്ങിനെയെല്ലാം ബാധിക്കുമെന്നും അവയെ മറികടക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളണമെന്നുമുള്ള അന്വേഷണം ആരംഭിക്കണമെന്നും ഉത്ബോധിപ്പിക്കുന്നതാണ് ഇത്തവണത്തെ വനിതാദിനത്തിലെ കേന്ദ്രപ്രമേയമായ 'മാറുന്ന തൊഴിലിടങ്ങളിലെ സ്ത്രീയിടം : ഭൂമി 50:50/2030' യിലൂടെ ഐക്യരാഷ്ട്രസംഘടന ഉദ്ദേശിക്കുന്നത്.

ലോകത്തെ സ്ത്രീ-പുരുഷ വരുമാനത്തിലെ വിടവ് ഇന്ന് കണക്കാക്കിയിരിക്കുന്നത് 24 ശതമാനമാണ്. ഇത് എങ്ങിനെ 50:50 ആക്കാം എന്നതാണ് സുസ്ഥിര വികസന ലക്ഷ്യം. എല്ലാ രംഗങ്ങളിലുമുള്ള സ്ത്രീ-പുരുഷ വിടവ് നികത്തിക്കൊണ്ട് മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയൂ. കുടുംബത്തിലെ, തൊഴിലിടങ്ങളിലെ, സംരംഭക രംഗത്തെ, ഭരണസംവിധാനങ്ങളിലെ വിടവുകൾ ബോധപൂർവം നികത്തപ്പെടേണ്ടതുണ്ട്. ലോകത്തിലെ പാർലിമെന്റുകളിലെ ശരാശരി സ്ത്രീ പങ്കാളിത്തം 1995 ൽ 11.3 ശതമാനമായിരുന്നത് 2015 എത്തിയപ്പോൾ 22.1 ശതമാനമായി ഉയർന്നു. 2030 ൽ 50 ശതമാനം ആയി എങ്ങനെ ഉയർത്താം എന്നതാണ് ലോകം ഈ രംഗത്ത് നേരിടുന്ന വെല്ലുവിളി

പാർലിമെന്റിലെ സ്ത്രീപങ്കാളിത്തത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെയും കേരളത്തിന്റെയും സ്ഥിതി എത്ര പരിതാപകരമാണ് എന്ന് നമുക്ക് ഏവർക്കും അറിയാം. ഇന്ത്യൻ പാർലിമെന്റിൽ സ്ത്രീപങ്കാളിത്തം 11.5 ശതമാനത്തിൽ നിൽക്കുമ്പോൾ കേരളത്തിൽ ഇത് കേവലം 5.6 ശതമാനം മാത്രമാണ്. കേരളത്തിൽ ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം എടുത്ത് പരിശോധിച്ചാൽ അതിൽ പുരുഷന്മാരേക്കാൾ മുന്നിട്ടുനിൽക്കുന്നത് സ്ത്രീകളായിരിക്കും. എന്നാൽ ഭരിക്കപ്പെടാൻ മാത്രം വിധേയരായവരായി കേരളത്തിലെ സ്ത്രീകളെ ഒതുക്കുന്ന പുരുഷമേധാവിത്വ മനോഭാവമാണ് നമ്മൾ മുന്നിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ രണ്ടായിരത്തി പതിനേഴിലെ വനിതാദിന പ്രമേയത്തിന് നമ്മുടെ ഇടയിൽ ചർച്ച ചെയ്യപ്പെടേണ്ടതിന്റെ സാംഗത്യം വളരെ വലുതാണ്.

Date of Publication 05-03-2017.Regd. No of Newspaper KERMAL/2001/10969 Regd No. KL/CT/53/2015-17
Licence to post without pre-payment at RMS Calicut on 5th Mar 2017 L No. KL/PMG/NR/WPP/6/KKD/15-17



## അന്തർദേശീയ വനിതാദിനം ചരിത്ര നാൾവഴികൾ

**1909** - ഫെബ്രുവരി 28ന് അമേരിക്കയിലെ സ്ത്രീ തൊഴിലാളികൾ മെച്ചപ്പെട്ട തൊഴിൽസാഹചര്യം ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ മാർച്ചിനെ ആദ്യ ദേശീയ വനിതാദിനമായി അമേരിക്ക ആചരിച്ചു. അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ 1908 ൽ നടത്തിയ ന്യൂയോർക്കിലെ ഗാർമെന്റ് വർക്കേഴ്സ് സമര അനുസ്മരണ പരിപാടിയിലേക്കായിരുന്നു ആദ്യ മാർച്ച്.

**1910** - സ്ത്രീകളുടെ അവകാശങ്ങൾക്കും അവരുടെ സാർവ്വലൗകികമായ വോട്ടവകാശത്തിനും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സോഷ്യലിസ്റ്റുകളുടെ കോപ്പൻഹേഗനിൽ വച്ചു ചേർന്ന അന്തർദേശീയ സമ്മേളനം വനിതാദിനം ആചരിക്കാൻ തീരുമാനിച്ചു. എന്നാൽ പ്രത്യേക തിയതി നിശ്ചയിച്ചിരുന്നില്ല.

**1911** - കോപ്പൻഹേഗനിൽ നടന്ന സമ്മേളനാവേശം പിന്തുടർന്നുകൊണ്ട് മാർച്ച് 19ന് ആസ്ട്രേലിയ, ഡെൻമാർക്ക്, ജർമനി, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങളിലെ സ്ത്രീപുരുഷൻമാർ ഒന്നുചേർന്നുകൊണ്ട് സ്ത്രീകളുടെ വോട്ടവകാശത്തിനും തൊഴിലിൽ വിവേചനത്തിനുമെതിരെ 10 ലക്ഷം പേരുടെ റാലി സംഘടിപ്പിച്ചു.

**1913-14** - ഒന്നാംലോക മഹായുദ്ധത്തിനെതിരെ റഷ്യയിലെ സ്ത്രീകൾ ഫെബ്രുവരിയിലെ അവസാന ഞായറാഴ്ച ഒത്തുചേർന്നുകൊണ്ട് അന്തർദേശീയ വനിതാദിനം ആചരിക്കാൻ തീരുമാനിച്ചു. തുടർന്നുള്ള വർഷങ്ങളിൽ മാർച്ച് 8ന് യൂറോപ്പിലും മറ്റ് രാജ്യങ്ങളിലും സ്ത്രീകൾ യുദ്ധത്തിനെതിരെ വലിയ റാലികൾ സംഘടിപ്പിച്ചു.

**1917** - ഫെബ്രുവരി അവസാന ഞായറാഴ്ച റഷ്യയിലെ സ്ത്രീകൾ ഭക്ഷണത്തിനും സമാധാനത്തിനും വേണ്ടി റാലി സംഘടിപ്പിച്ചു. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ഈ ദിവസം മാർച്ച് 8 ആയിരുന്നു.

**1975** - അന്തർദേശീയ വനിതാവർഷത്തിന്റെ ഭാഗമായി എല്ലാ വർഷവും മാർച്ച് 8 അന്തർദേശീയ വനിതാദിനമായി യുണൈറ്റഡ് നാഷൺസ് പ്രഖ്യാപിച്ചു.

**1995** - ചരിത്രപ്രസിദ്ധമായ ബീജിംഗ് ഡിക്ലറേഷനിൽ 189 രാജ്യങ്ങൾ ഒപ്പുവച്ചു. സ്ത്രീകൾക്കെതിരായ എല്ലാവിധ വിവേചനങ്ങളും അവസാനിപ്പിക്കുന്നതോടൊപ്പം രാഷ്ട്രീയരംഗത്തും വിദ്യാഭ്യാസരംഗത്തും സാമൂഹ്യരംഗത്തും തുല്യനീതിക്കും വേണ്ടിയുള്ള നിയമനിർമാണങ്ങൾ എല്ലാ രാജ്യങ്ങളും നിർമിക്കാം എന്ന് തീരുമാനിച്ചു.

### ഉയർന്ന സ്ത്രീപ്രാതിനിധ്യമുള്ള പാർലമെന്റുകൾ

| | Country | Total seats | Total women | % women |
|---|---|---|---|---|
| 1. | Rwanda | 80 | 51 | 63.8 |
| 2. | Bolivia | 130 | 69 | 53.1 |
| 3. | Andorra | 28 | 14 | 50.0 |
| 4. | Cuba | 612 | 299 | 48.9 |
| 5. | Seychelles | 32 | 14 | 43.8 |
| 6. | Sweden | 349 | 152 | 43.6 |
| 7. | Senegal | 150 | 64 | 42.7 |
| 8. | Finland | 200 | 85 | 42.5 |
| 9. | Ecuador | 137 | 57 | 41.6 |
| 10. | SouthAfrica | 400 | 166 | 41.5 |
| 11. | Iceland | 63 | 26 | 41.3 |
| 11. | Namibia | 104 | 43 | 41.3 |
| 12. | Spain | 350 | 144 | 41.1 |
| 13. | Mozambique | 250 | 99 | 39.6 |
| 13. | Norway | 169 | 67 | 39.6 |
| 14. | Belgium | 150 | 59 | 39.3 |
| 15. | Nicaragua | 92 | 36 | 39.1 |
| 16. | Timor-Leste | 65 | 25 | 38.5 |
| 17. | Denmark | 179 | 68 | 38.0 |
| 17. | Mexico | 500 | 190 | 38.0 |
| 18. | Netherlands | 150 | 56 | 37.3 |
| 19. | Angola | 220 | 81 | 36.8 |
| 20. | Slovenia | 90 | 33 | 36.7 |

### നമ്മുടെ അയൽരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പാർലിമെന്റിലെ സ്ത്രീപ്രാധിനിധ്യം 12 ശതമാനത്തിൽ ഒതുങ്ങുന്നു.

| Country Name | 2016 |
|---|---|
| Afghanistan | 27.7 |
| Bangladesh | 20 |
| Bhutan | 8.5 |
| India | 12 |
| Maldives | 5.9 |
| Nepal | 29.6 |
| Pakistan | 20.6 |
| Sri Lanka | 5.8 |

### ഏഷ്യൻ രാജ്യങ്ങളിൽ പാർലമെന്റിലെ സ്ത്രീപ്രാതിനിധ്യത്തിൽ ഇന്ത്യ പിറകിൽത്തന്നെ




## Themes of women day

- **1996** Celebrating the Past, Planning for the Future
- **1997** Women and the Peace Table
- **1998** Women and Human Rights
- **1999** World Free of Violence Against Women
- **2000** Women Uniting for Peace
- **2001** Women and Peace: Women Managing Conflicts
- **2002** Afghan Women Today: Realities and Opportunities
- **2003** Gender Equality and the Millennium Development Goals
- **2004** Women and HIV/AIDS
- **2005** Gender Equality Beyond 2005; Building a More Secure Future
- **2006** Women in Decision-making
- **2007** Ending Impunity for Violence Against Women and Girls
- **2008** Investing in Women and Girls
- **2009** Women and Men United to End Violence Against Women and Girls
- **2010** Equal Rights, Equal Opportunities: Progress for All
- **2011** Equal Access to Education, Training, and Science and Technology: Pathway to Decent Work for Women
- **2012** Empower Rural Women, End Poverty and Hunger
- **2013** A Promise is a Promise: Time for Action to End Violence Against Women
- **2014** Equality for Women is Progress for All
- **2015** Empowering Women, Empowering Humanity: Picture it!
- **2016** pledge for parity
- **2017** Planet 50-50 by 2030: Step It Up for Gender Equality



Printed by P. Muraleedharan, published by P. Muraleedharan, on behalf of Kerala Sasthra Sahithya Parishad and printed at Kamala Printers, 7/165, Oyitty Road, Calicut 673001 and published at Parishad Bhavan, Chalappuram, Calicut - 673002, Phone : 0495-2701919, e-mail:parishadvartha@gmail.com. Editor: P. Muraleedharan.